STATE POVERTY ... KUDUMBASHREE * GOVT OF KERALA *
12 DEC 2017

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ കീഴിൽ 200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്) നം.236/2017/തസ്വഭവ    തിരുവനന്തപുരം, തിയതി, 05/12/2017

---

പരാമർശം:(1) സ.ഉ.(കൈ)നം.148/09/തസ്വഭവ തീയതി 20.07.2009

(2) സ.ഉ.(കൈ)നം.144/13/തസ്വഭവ തീയതി 06.04.2013

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.09.2017 ലെ 4636/എ/15/KSHO നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ജില്ലാതല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശകസമിതി രൂപീകരിച്ചുകൊണ്ടും ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ,പരാമർശം (2) പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) കത്ത് പ്രകാരം കുടുംബശ്രീയുടെ കീഴിൽ 200 പുതിയ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും ഒരു ബഡ്സ് സ്കൂളിന് 25 ലക്ഷം രൂപ വീതം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നി ജില്ലകളിലായി ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രദേശങ്ങളിൽ 200 ബഡ്സ്/ബിആർസി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ.പി.
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ